പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

09/06/2014 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 86

## ചികിത്സാ സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.തിലോത്തമൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2013-14 സാമ്പത്തിക വർഷം എന്ത് തുക ചികിത്സാ സഹായമായി അനുവദിച്ചു എന്നു വ്യക്തമാക്കുമോ; | (എ) റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളുടെയും അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്ന മുറയ്ക്കാണ് ചികിത്സാ ധനസഹായം ഉൾപ്പടെയുള്ള വിവിധ ധനസഹായം അനുവദിച്ചുവരുന്നത്. 2013-14 സാമ്പത്തിക വർഷം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായമുൾപ്പടെയുള്ള വിവിധ ധനസഹായ വിതരണത്തിനായി ആകെ 133,85,77,211/- രൂപ (നൂറ്റി മുപ്പത്തി മൂന്ന് കോടി എൺപത്തിയഞ്ച് ലക്ഷത്തി എഴുപത്തിയേഴായിരത്തി ഇരുനൂറ്റി പതിനൊന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇതിൽ 8,51,47,211/- രൂപ സിവിൽ സപ്ലൈസ് ഡയറക്ടർക്ക് ഓണക്കിറ്റ് വിതരണത്തിനായും 25,000/- രൂപ ന്യൂഡൽഹി റസിഡന്റ് കമ്മീഷണർക്ക് ചികിത്സാ ധനസഹായ വിതരണത്തിനായും അനുവദിച്ചിട്ടുള്ളതാണ്. |
| (ബി) ചികിത്സാ സഹായനിധിയിൽ നിന്ന് സഹായം ലഭിക്കുന്നതിന് 2013-14 കാലയളവിൽ ലഭിച്ച അപേക്ഷകളുടെ കണക്ക് മണ്ഡലം തിരിച്ച് നൽകാമോ;<br><br>(സി) ചികിത്സാ സഹായമായി ഈ കാലയളവിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ മണ്ഡലം തിരിച്ച് നൽകുമോ? | (ബി) & (സി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. |

സെക്ഷൻ ഓഫീസർ.